# കേരള സർക്കാർ

# സംസ്ഥാന ഓഡിറ്റ് വകുപ്പ്

[www.lfa.kerala.gov.in](http://www.lfa.kerala.gov.in)

# പറവൂർ ബ്ലോക്ക് പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2017-18

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ് ഓഫീസ്, എറണാകുളം
# e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെഎസ്എ-ഇകെഎം (ബി.പി)256/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-68203
ഫോൺ : 0484 2422271
ഇ-മെയിൽ : doekm.ksad@kerala.gov.in

**തീയതി : 12.03.2019**

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പറവൂർബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം :- പറവൂർ ബ്ലോക്ക് പഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.

(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ജോയിന്റ് ഡയറക്ടർ

<u>പകർപ്പ്</u> :

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2.അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, എറണാകുളം.
3.കാര്യാലയ പകർപ്പ്

.

കെ.എസ്.എ.ഇ.കെ.എം.(ബി.പി.) 256/2019 തീയതി:12.03.2019

**എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

എറണാകുളം ജില്ലയിലെ പറവൂർ ബ്ലോക്ക്പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഇതിൽ 4 അന്വേഷണ കുറിപ്പുകൾ നൽകിയതിൽ 3 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമില്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥ | മിനിമോൾ.കെ.ജി., ജോയിന്റ് ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.02.2019 മുതൽ 21.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. മിനു.പി.കെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.). |
| | ശ്രീമതി. കവിത എസ് കണ്ണൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ. |
| | ശ്രീമതി. ബെറ്റ്സി.സി.എക്സ്., ഓഡിറ്റർ. |

**(ബി)നിർവ്വഹണാധികാരികൾ**

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | ശ്രീ.അഡ്വ.യേശുദാസ് പറപ്പിള്ളി | 01.04.17 | 31.03.2018 |
| വൈസ് പ്രസിഡന്റ് | ശ്രീമതി.രമ ശിവശങ്കരൻ | 01.04.17 | 31.03.2018 |

**സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ്**

| | | | |
|---|---|---|---|
| വികസന കാര്യം | ശ്രീമതി. ഷൈജ ടീച്ചർ | 01.04.17 | 31.03.2018 |
| ക്ഷേമകാര്യം | ശ്രീമതി.രശ്മിആസാദ് | 01.04.17 | 31.03.2018 |
| വിദ്യാഭ്യാസം & ആരോഗ്യകാര്യം | ശ്രീ. സുധീർ.ടി.ഡി | 01.04.17 | 31.03.2018 |

| | | | |
|---|---|---|---|
| സെക്രട്ടറി | ശ്രീമതി ടി.എസ്സ് ശുഭ | 01.04.17 | 12.06.2017 |
| | ശ്രീ. കമലാകാന്തപൈ | 13.06.2017 | 31.03.2018 |

**നിർവ്വഹണ ഉദ്യോഗസ്ഥർ**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസി.ഡയറക്ടർ, കൃഷി | ശ്രീമതി. സോഫീയ.എ.എ. | 01.04.17മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, ഏഴിക്കര സി.എച്ച്,സി | ഡോ.വിനോദ് പൗലോസ് | 01.04.17മുതൽ 31.03.2018വരെ |

| | | |
|---|---|---|
| സി.ഡി.പി.ഒ | ശ്രീമതി. അമ്മിണി | 01.04.17മുതൽ 31.03.2018വരെ |
| എസ്.സി.ഡി.ഒ. | ശ്രീ .വിഷ്ണു എസ്. | 01.04.17മുതൽ 10.01.18വരെ |
| | ശ്രീ .ബാബു.റ്റി.വി. | 11.01.18മുതൽ 30.01.18വരെ |
| | ശ്രീമതി .സലിത | 31.01.18മുതൽ 31.03.2018വരെ |
| ഡയറിഎക്സ്റ്റൻഷൻ ഓഫീസർ. | ശ്രീ.സ്വാമിനാഥൻ വി.വി. | 01.04.17മുതൽ 31.03.2018വരെ |
| അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | ശ്രീമതി മഞ്ജു .പി .വാസു | 01.04.17മുതൽ 31.03.2018വരെ |
| വ്യവസായ വികസനഓഫീസർ | ശ്രീ.തരുൺ കുമാർ.വി.ആർ. | 01.04.17മുതൽ 31.03.2018വരെ |

**<u>ഉള്ളടക്കം</u>**


| | **ഭാഗം – 1**<br>**പൊതു അവലോകനം** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1–1 |
| 2 | വാർഷിക ധനകാര്യപത്രിക | 1–2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1–3 |
| 4 | സാമ്പത്തിക വിശകലനം | 1–4 |
| 5 | ഫണ്ട് വിനിയോഗം | 1–5 |
| 6 | പദ്ധതി അവലോകനം | 1–6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ | 1-11 |
| | **ഭാഗം - 2**<br>**<u>വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>** | |
| 12 | രസീത് പരിശോധന -അപാകതകൾ | 2-1 |
| 13 | ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-2 |
| | **ഭാഗം-3**<br>**<u>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ</u>** | |
| 14 | പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ് | 3-1 |
| 15 | മരുന്നുകൾ ലഭ്യമായില്ല | 3-2 |
| 16 | രാരീരം- പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമായില്ല | 3-3 |
| 17 | തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ - പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ വിവരമില്ല | 3-4 |
| 18 | ശിലാഫലക സ്ഥാപനം - എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനത്തിന് തുക ചെലവാകുന്നു | 3-5 |
| | **ഭാഗം - 4** | |

| | | |
|---|---|---|
| 19 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 20 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 21 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 22 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 23 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 24 | ഓഡിറ്റ് റിക്കവറി | 4-6 |
| 25 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 26 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-8 |
| 27 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 28 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 29 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2017-18 | അനുബന്ധം.1 |
| 30 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | അനുബന്ധം.2 |
| 31 | ഇൻകം &എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്- | |
| 32 | റസീപ്റ്റ് &പേയ്മെൻ്റ് സ്റ്റേറ്റ്മെന്റ് | |
| 33 | ബാലൻസ് ഷീറ്റ് 2017-18 | |

## ഭാഗം -1
## പൊതു അവലോകനം

# പൊതു അവലോകനം

## 1–1 ബജറ്റ്

2017–18 വർഷത്തെ ബജറ്റ് 24.03.2017 ലെ ബ്ലോക്ക് പഞ്ചായത്ത് സമിതി യോഗം അംഗീകരിച്ചു.

## 1–2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.18 | 11.06.2018 |

## 1–3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017–18 | 05.10.2018, 06.10.2018 | KSA EKM BP 2078/18 തീയതി 12.10.18 |

## 1–4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,30,91,478 |
| വരവ് – | 7,32,21,704 |
| ആകെ – | 9,63,13,182 |
| ചെലവ് – | 8,71,63,758 |
| നീക്കിയിരിപ്പ്– | 91,49,424 |

## 1–5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻ ബാക്കി | വരവ് തുക | ആകെ | ചെലവ് തുക | നീക്കി ബാക്കി (RP40B) | ചെലവഴിക്കാതെ പോയ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 29584884 | 29584884 | 28231707 | 0 | 1353177 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 0 | 13057172 | 13057172 | 12194349 | 0 | 862823 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 552000 | 552000 | 552000 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3693180 | 3693180 | 3693180 | 0 | 0 |
| ട്രഷറി ടി. എസ്. ബി. ജോയിന്റ് വെഞ്ചർ | 55000 | 944000 | 999000 | 899100 | 99900 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (ട്രഷറി) | 1932635 | 4234630 | 6167265 | 5753083 | 414182 | 0 |
| സാനിറ്റേഷൻ | 2231596 | 122390 | 2353986 | 102900 | 2251086 | 0 |
| സാക്ഷരത | 123277 | 111954 | 235231 | 230000 | 5231 | 0 |
| ഐ എ വൈ | 41705 | 115 | 41820 | 41487 | 333 | 0 |
| ഇ.എം.എസ്.ഹൗസിംഗ് | 900 | 0 | 900 | 0 | 900 | 0 |
| ട്രഷറി സേവിംഗ്സ് | 100 | 0 | 100 | 90 | 10 | |
| ഐ എ വൈ സെക്കന്റ് | 18706265 | 23486125 | 42192390 | 35819654 | 6372736 | 0 |
| എം.കെ.എസ്.പി | 0 | 30046 | 30046 | 25000 | 5046 | 0 |

## 1–6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്. (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത്. (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്. (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|
| 79 | 36703000 | 70 | 40978056 | 7 | 2 | 89 |

## 1-7 തൊഴിലുറപ്പ് പദ്ധതി

ബാധകമല്ല.

## 1-8 ക്യാഷ് വെരിഫിക്കേഷൻ

994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.02.2019 -ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ അന്നേദിവസം വരവൊന്നും ഇല്ല എന്ന് ബോധ്യപ്പെട്ടു.

.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.05.2018 | 2017-2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.08.2018 | 2015-16 | |

## 1-10 ആഭ്യന്തരനിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിന്റെ മിനിട്സ് ബുക്ക് കൃത്യമായി പരിപാലിക്കുന്നുണ്ട്. യോഗ തീരമാനങ്ങളും,ചർച്ചയുടെ വിവരങ്ങളും രേഖപ്പെടുത്തുന്നുണ്ട്. സ്റ്റാൻഡിംഗ് കമ്മിറ്റി മിനിട്സുകളും തൃപ്തികരമായ രീതിയിലാണ് കൈകാര്യം ചെയ്യുന്നത്.

വർക്കിംഗ് ഗ്രൂപ്പ്:-ബ്ലോക്ക് പഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ പല വർക്കിംഗ് ഗ്രൂപ്പുകളും നാമമാത്ര യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. യോഗങ്ങളിൽ മെമ്പർമാർ എല്ലാവരും സന്നഹിതരാകുന്നുമില്ല. പല യോഗ

മിനിട്സിലും നിർദ്ദേശങ്ങൾ രേഖപ്പെടുത്തിപ്പോരുന്നുണ്ടെങ്കിലും മോണിട്ടറിംഗ് സംബന്ധമായ ചർച്ചകളൊന്നും നടക്കുന്നില്ല. പദ്ധതിയുടെ രൂപീകരണ ഘട്ടം മുതൽ മോണിട്ടറിംഗ് വരെ സജീവ ഇടപെടലുകൾ നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവെയ്ക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 വാർഷിക ധനകാര്യ പത്രികയിലെ അപാകതകൾ

വാർഷിക ധനകാര്യ പത്രികയിൽ അപാകതകൾ ഇല്ല.

.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രസീത് പരിശോധന -അപാകതകൾ

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റിൽ കണ്ടെത്തിയ രസീതിനത്തിലെ അപാകതകൾ താഴെ കൊടുക്കുന്നു.

രസീത് ബുക്കുകൾ എണ്ണി നമ്പറിടാതിരിക്കുന്നതായും സ്റ്റോക്ക് രജിസ്റ്ററിൽ എഴുതിച്ചേർക്കാതിരിക്കുന്നതായും കാണപ്പെട്ടു. ഓരോ രസീതു ബുക്കിലുമുള്ള പേജുകളുടെ എണ്ണം സംബന്ധിച്ചുള്ള സാക്ഷ്യപത്രം ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതാണ്. മാനുവൽ രസീതോ സാംഖ്യ രസീതോ ഉപയോഗിക്കാതെ വെള്ള പേപ്പറിൽ 117120100008 എന്ന നമ്പറിൽ 23.11.2017 -ൽ 448/- രൂപയുടെ രസീത് തയ്യാറാക്കി കാർത്തിക എന്റർപ്രൈസസ്, മൂത്തകുന്നം എന്ന സ്ഥാപനത്തിന് ടെൻഡർ ഫോമിന്റെ സെയിൽസിനത്തിൽ കൊടുത്തിട്ടുണ്ട്. രസീത് ബുക്കുകൾ ഇഷ്യൂ ചെയ്യുമ്പോൾ അതിന്റെ ബുക്ക് നമ്പർ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ നമ്പറിടാതെ ഒരു രസീത് ബുക്ക് ഇഷ്യൂ ചെയ്തിട്ടുണ്ട്. കൈപ്പറ്റുന്ന ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും പൂർണ്ണമായ കൈയ്യൊപ്പും രേഖപ്പെടുത്തി രസീത് ബുക്കുകൾ നൽകേണ്ടതാണ്. ഇത്തരം അപാകതകൾ ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

രസീത് ബുക്കിൽ എല്ലാ പേജുകളിലും സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഓഫീസ് മുദ്ര പതിക്കേണ്ടതാണ്. ഉപയോഗശൂന്യമായ രസീതുകൾ ക്യാൻസൽ ചെയ്ത് കാരണം രേഖപ്പെടുത്തി ഉത്തരവാദിത്തപ്പെട്ട മേലുദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുമ്പോൾ ഓരോ ദിവസവും അവസാനത്തിൽ ഡേ ബുക്ക്, ക്യാഷ്ബുക്ക് സമ്മറി,എന്നിവ പ്രിന്റ് എടുത്ത് സെക്രട്ടറിയും അക്കൗണ്ടന്റും ഒപ്പിട്ട് ഫയൽ ചെയ്യണം.

## 2-2 ബിൽ രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഓരോ ചെലവിനും ഒരു ബിൽ ഉണ്ടായിരിക്കണം. ഓരോ ബില്ലിന്റെ വിവരവും ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തണം. പഞ്ചായത്ത് തയ്യാറാക്കുന്ന എല്ലാത്തരം ബില്ലുകൾക്കും കൂടി ഒരു ബിൽ രജിസ്റ്റർ മതി. ക്യാഷ് ബുക്കിൽ രേഖപ്പെടുത്തിക്കഴിഞ്ഞാൽ വൗച്ചർ നമ്പർ കൂടി ബിൽ രജിസ്റ്ററിൽ രേഖപ്പെടുത്തണം.

.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ്-തുടർ നടപടികൾ കാര്യക്ഷമമാക്കണം

| | |
|---|---|
| പ്രോജക്ട് നം | 38/18 |
| പേര് | പ്ലാസ്റ്റിക്ക് ഷ്രെഡിംഗ് യൂണിറ്റ്- ചേന്ദമംഗലം പഞ്ചായത്തിന് വിഹിതം |
| നിർവഹണോദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| അടങ്കൽ | 11,60,000/- (വികസന ഫണ്ട് ) |

| | |
|---|---|
| ചെലവ് | 11,55,947/-<br>1) ബിൽ.നം-11/17-18<br>തീയതി,27.9.17 - 9,82,943/-<br>2) ബിൽ.നം-25/17-18<br>തീയതി,16.1.18 - 77,000/-<br>3)ബിൽ.നം-36/17-18<br>തീയതി,5.3.18 - 96,044/- |

പറവൂർ ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷം നടപ്പാക്കിയ മേൽ പ്രോജക്ട് പ്രകാരം ക്ലീൻ കേരള കമ്പനി മുഖേന ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി 9,82,943/- രൂപയും യൂണിറ്റിനോടനുബന്ധിച്ചുള്ള മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററിന്റെ ബേസ് മെന്റ് വർക്ക്, റൂഫിംഗ് എന്നിവക്കായി 77,000/- രൂപയും പവർ വയറിംഗിനും മറ്റ് ചെലവുകൾക്കുമായി 96,044/- രൂപയും ഉൾപ്പെടെ ആകെ 11,55,947/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ടി പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു. വിശദീകരണമാവശ്യപ്പെട്ടുള്ള എൻക്വയറിയുടെ (നം- 1/20.2.19) മറുപടി കൂടി പരിഗണിച്ചാണ് ആയത് തയ്യാറാക്കിയിരിക്കുന്നത്.

1. റിക്കവറി സെന്ററിൽ ക്ലീൻ കേരള കമ്പനി മുഖേന ഷ്രെഡിംഗ് മെഷീനുകൾ 18.9.2017ൽ സ്ഥാപിച്ചുവെങ്കിലും യൂണിറ്റ് പൂർണരീതിയിൽ പ്രവർത്തനമാരംഭിച്ചത് 2018 ജൂലൈ 1നാണെന്ന് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രാരംഭം മുതൽ പദ്ധതിക്കെതിരെ പരിസരവാസികളുടെ എതിർപ്പുള്ളതായി കാണുന്നു. ശബ്ദ നിയന്ത്രണ സംവിധാനമേർപ്പെടുത്തണമെന്ന ജനങ്ങളുടെ ആവശ്യം പരിഗണിച്ച് പരിഹാരം കാണേണ്ടതും യൂണിറ്റിന്റെ പ്രവർത്തനം തടസപ്പെടാതെ നടത്തുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.
2. ചേന്ദമംഗലമുൾപ്പെടെ ബ്ലോക്കിന്റെ പരിധിയിൽ വരുന്ന പഞ്ചായത്തുകളിൽ നിന്ന് പ്ലാസ്റ്റിക്ക് സംഭരിക്കുന്നതിലേക്ക് ചാർജിനത്തിൽ തുകകൾ ഈടാക്കാമെന്നൊരു നിർദേശം 22.12.17 ലെ ജനറൽ കമ്മിറ്റിയിൽ ഉയർന്നെങ്കിലും ആയതിൽ തുടർനടപടികൾ എടുത്തിട്ടില്ല. ഏകീകൃതമായ നിരക്ക് നിശ്ചയിച്ച് അതാത് പഞ്ചായത്തുകളിൽ നിന്നും തുക ഈടാക്കാവുന്നതും അതു വഴി പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്.
3. പോളിമറൈസ്ഡ് റോഡ് നിർമാണത്തിന് പി.ഡബ്ല്യു.ഡി വിഭാഗത്തിന് കൈമാറുന്നതിലേക്കായി, സംസ്കരിച്ച പ്ലാസ്റ്റിക്ക് കിലോഗ്രാമിന് 15/- രൂപ നിരക്കിൽ ക്ലീൻ കേരള കമ്പനി തന്നെ തദ്ദേശ സ്ഥാപനങ്ങളിൽ നിന്ന് വാങ്ങുന്നതാണെന്ന് പ്രോജക്ട് പ്രൊപ്പോസലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നാളിതുവരെ ടി യൂണിറ്റിൽ നിന്നും ഷ്രെഡ് ചെയ്ത 1079 കിലോഗ്രാം പ്ലാസ്റ്റിക്ക് ക്ലീൻ കേരള കമ്പനി മുഖേന വിവിധ ഏജൻസികൾക്ക് വിതരണം ചെയ്തെങ്കിലും ആയതിന്റെ വിലയിനത്തിൽ ലഭിക്കേണ്ട 16185/-രൂപ പഞ്ചായത്തിന് ലഭ്യമായിട്ടില്ല. തുക കൃത്യമായി പഞ്ചായത്ത് അക്കൗണ്ടിലേക്ക് വരവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 മരുന്നുകൾ ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി ഏഴിക്കര) നിർവഹണം നടത്തിയ പദ്ധതിക്കായി മരുന്ന് വാങ്ങുന്നതിന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന് തുക നൽകിയിട്ടുണ്ട്. പ്രൊഫോർമ ഇൻവോയ്സിന്റെ (1. PRF-1877/3.11.17,3lakh 2. PRF-1742/30.10.17,3 lakh) അടിസ്ഥാനത്തിൽ തുക മുൻകൂറായി നൽകുകയാണ് ചെയ്തിട്ടുള്ളത്. തുക നൽകിയതിന്റെ വിശദാംശങ്ങൾ താഴെപ്പറയുന്നു.

| പ്രോജക്റ്റ്.നം<br>പേര് | ബിൽ നം<br>തീയതി | തുക |
|---|---|---|
| 3/18<br>സി.എച്ച്.സി യിലേക്ക് മരുന്ന് വാങ്ങൽ | 2/17-18<br>20.12.17 | 600000/-<br>മെയിന്റനൻസ്<br>ഫണ്ട്റോഡിതരം |

മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് ഒറിജിനൽ ഇൻവോയ്സിനൊപ്പം ആയത് സ്റ്റോക്കിൽ ചേർത്ത് വിവരമറിയിക്കേണ്ടതാണ്.

## 3-3 രാരീരം- പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമായില്ല

| | |
|---|---|
| പ്രോജക്റ്റ് നം | 97/18 |
| പേര് | രാരീരം- അങ്കണവാടി പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹനം |
| നിർവഹണോദ്യോഗസ്ഥൻ | സി.ഡി.പി.ഒ |
| അടങ്കൽ | 18,000/- (തനത് ഫണ്ട് ) |
| ചെലവ് | 17,591/-<br>(കണ്ടിജന്റ് ബിൽ.നം |

| | |
|---|---|
| | 73/17-18 )<br>ചെക്ക്.നം- 2429503<br>25.10.17 |

ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന 5ഗ്രാമപഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന 148 അങ്കണവാടികളിൽ ഏറ്റവും നല്ല രീതിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളിലെ ഒരു വർക്കർക്കും ഹെൽപ്പർക്കും പഞ്ചായത്ത് അടിസ്ഥാനത്തിൽ അവാർഡ് നൽകുന്നതിനാണ് പ്രോജക്റ്റ് കൊണ്ട് ഉദ്ദേശിച്ചത്.

20.09.17ന് ചേന്ദമംഗലം പഞ്ചായത്ത് കൗൺസിൽ ഹാളിൽ വച്ച് നടത്തിയ പരിപാടിയുടെ ചെലവിലേക്കായി ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 15000/- രൂപ അനുവദിക്കുന്നതിനും അടുത്ത ഡി.പി.സി യിൽ പൊതു പ്രോജക്റ്റായി വച്ച് അംഗീകാരം നേടി ഫണ്ട് തിരിച്ചടക്കുവാനും സി.ഡി.പി.ഒ -യെ ചുമതലപ്പെടുത്തി പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട് (11.09.17 ലെ 2(2)നം തീരുമാനം).എന്നാൽ മേൽ ചെലവിലേക്കായി 2017-18വർഷം 18000/-രൂപ തനത് ഫണ്ടിൽ നിന്നും വകയിരുത്തുകയും 17591/- രൂപ ചെലവഴിക്കുകയും ചെയ്തതായി കാണുന്നു. ടി പദ്ധതി സംബന്ധിച്ച് താഴെപ്പറയുന്ന അപാകതകൾ കാണുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം- 4/21.2.19) മറുപടി ലഭ്യമാക്കിയില്ല.

1. മേൽ പദ്ധതിയുടെ പ്രോജക്റ്റ് ഫോറം പരിശോധനക്ക് ലഭ്യമായില്ല.
2. ഏറ്റവും നല്ല രീതിയിൽ പ്രവർത്തനം കാഴ്ച വയ്ക്കുന്ന അങ്കണവാടി പ്രവർത്തകർക്ക് അവാർഡ് നൽകുവാൻ ആവിഷ്കരിച്ച ടി പദ്ധതി പ്രകാരം അവാർഡിനർഹരായ വ്യക്തികളുടെ പേര് വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.
3. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. അപാകതകൾക്ക് മതിയായ വിശദീകരണം ലഭ്യമാകുന്നതു വരെ ചെലവ് തുക 17591/-രൂപ തടസ്സത്തിൽ വെയ്ക്കുന്നു. നിർവ്വഹണോദ്യോഗസ്ഥർ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കുന്നതിനും അവ ഓഡിറ്റ് വേളയിൽ ഹാജരാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-4 തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ - പഠിതാക്കൾ പരീക്ഷയ്ക്ക് ഹാജരായതിന്റെ വിവരമില്ല

പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി, ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ "തുടർവിദ്യാഭ്യാസപ്രവർത്തനങ്ങൾ" (പ്രോജക്റ്റ് നം. S0023/18) എന്ന പ്രോജക്റ്റിൽ 99,130/- രൂപ തുടർസാക്ഷരതാ പഠിതാക്കൾക്ക് പരീക്ഷാഫീസ് നൽകുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. പത്താം ക്ലാസ്സിൽ പഠിക്കുന്ന പൊതുവിഭാഗത്തിൽപ്പെട്ടവർക്ക് (26 പഠിതാക്കൾ) 1850/- രൂപാ വീതവും ഹയർ സെക്കണ്ടറിയിൽ പഠിക്കുന്നവർക്ക് (21 പഠിതാക്കൾ) 2250/- രൂപാ വീതവും പത്താം ക്ലാസ്സിൽ പഠിക്കുന്ന എസ്.സി. വിഭാഗത്തിൽപ്പെട്ടവർക്ക് (4 പഠിതാക്കൾ) 120/- രൂപാ വീതവും ഹയർ സെക്കണ്ടറിയിൽ പഠിക്കുന്നവർക്ക്(11 പഠിതാക്കൾ) 300/- രൂപാ വീതവുമായിട്ടാണ്

തുക ചെലവഴിച്ചിരിക്കുന്നത്. പഠിതാക്കളുടെ വിവരങ്ങളും ഫീസ് അടച്ചതിന്റെ രേഖകളും മാത്രമേ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുള്ളൂ. പരീക്ഷ എഴുതിയതിന്റേതായ രേഖകൾ ഒന്നും തന്നെ ലഭ്യമാക്കിയിട്ടില്ല. ഈ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-5 ശിലാഫലക സ്ഥാപനം - എസ്റ്റിമേറ്റിൽ ഇല്ലാത്ത ഇനത്തിന് തുക ചെലവാക്കുന്നു

ഓഡിറ്റ് വർഷം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികളിൽ, കോൺട്രാക്ടർമാർ ക്വാട്ട് ചെയ്തതിലുമധികം തുക ഫൈനൽ ബില്ല് പ്രകാരം നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (3)ക്ക് നൽകിയ മറുപടിയിൽ, ടെണ്ടർ ഷെഡ്യൂളിൽ, പ്രൈസിൽ ജനറേറ്റ് ചെയ്യുമ്പോൾ ശിലാഫലകത്തിന് പ്രൊവിഷൻ ഇല്ലാത്തതുമൂലം ഈ ഇനം ടെണ്ടറിൽ ഉൾപ്പെടുത്താനാവില്ലെന്നും, എന്നാൽ യഥാർത്ഥത്തിൽ മിക്കവാറും എല്ലാ പ്രവൃത്തികളിലും ഒരു ഇനമായി ഇത് ഉൾപ്പെടുത്തേണ്ടിവരാറുണ്ടെന്നും, അതിനാലാണ് ഇത്തരത്തിൽ അധിക തുക ചെലവാകുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്. ഇതിന് തെളിവായി ഫയലിൽ ശിലാഫലകത്തിന്റേതായ ഒരു ബില്ല് ഫയലിൽ സൂക്ഷിക്കുന്നുമുണ്ട്. ഓരോ പ്രവൃത്തിയിലും ഇത്തരത്തിൽ ₹4000 മുതൽ ₹4500 വരെ അധിക തുക ചെലവാകുന്നുണ്ട്. പ്രവൃത്തിയുടെ കാര്യക്ഷമമായ പൂർത്തീകരണത്തിന് അത്യന്താപേക്ഷിതമല്ലാത്തതും,പ്രൈസിൽ ഉൾപ്പെടാത്തതുമായ ഈ ഇനം പ്രവൃത്തി ഒഴിവാക്കി അനാവശ്യമായ പണച്ചെലവ് ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും


## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഈയിനത്തിൽ ഓഡിറ്റ് വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

മരാമത്ത് പ്രവൃത്തികൾക്ക് 2017-18വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

2017-18 വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ച ടയ്ക്കാൻ ബാക്കിയുണ്ടായി രുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | ജി.ഒ. (എം.എസ്.) 44/10 LSGD തീയതി 08/03/2010 | 11783378 | 3128040 | 1265000 | 667000 | 1196040* |
| IAY ലോൺ അക്കൌണ്ട് | സ.ഉ.നം.90/13 LSGD/14.3.13 | 6675000 | 6637500 | 0 | 0 | 6637500 |

*പലിശ ഉൾപ്പെടെയുള്ള തുകയാണ് വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുകയായി രേഖപ്പെടുത്തിയിട്ടുള്ളത്. വാർഷിക ധനകാര്യ പത്രികയിൽ പലിശ ഒഴിവാക്കിയുള്ള തുകയാണ് ചേർത്തിട്ടുള്ളത്.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,32,21,704 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 8,71,63,758 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 17591 |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 17591 | ശ്രീമതി. അമ്മിണി. കെ<br>സി ഡി പി ഒ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശ്രീമതി അമ്മിണി കെ. സി..ഡി.പി.ഒ. | സി ഡി പി ഒ, പറവൂർ ബ്ലോക്ക് പഞ്ചായത്ത് | ശ്രീനിവാസ്, പള്ളത്ത് അയ്യമ്പിള്ളി പി ഒ, 682501 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 1998-99 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 1999-2000 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2000-01 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2001-02 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2002-03 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2003-04 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2004-05 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2005-06 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2006-07 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2007-08 | എൽ.എഫ്.ഇ(സി4)1860/11 തീ.18-10-11 |
| 2008-09 | എൽ.എഫ്.ഇ(സി1)311/12 തീ.8-3-12/15-3-12 |
| 2009-10 | എൽ.എഫ്.ഇ(സി1)311/12 തീ.8-3-12/15-3-12 |
| 2010-11& 2011-12 | എൽ.എഫ്.ഇ(ബി.പി)292/13തീ.16-3-13/8-4-13 |
| 2012-13 | എൽ.എഫ്.ഇ(ബി.പി1)2003/13തീ.28-11-2013/9-12-13 |

| | |
|---|---|
| 2014-15& 2015-16 | കെ.എസ്.എ.ഇ.കെ.എം(ബി.പി)1577/16തീ.27-9-16/8-4-13 |
| 2016-17 | .കെ.എസ്.എ.-ഇകെഎം (ബി.പി)2109/2017 തീ.06.12.2017 |

**ജോയിന്റ് ഡയറക്ടർ**

## അനുബന്ധം - 1
## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 295(4),കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ സ്ഥാപനത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ജോയിന്റ് ഡയറക്ടർ**

## അനുബന്ധം - 2

2017-18 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ.

ഇല്ല.

**ജോയിന്റ് ഡയറക്ടർ**